## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2796

20.03.2015 ൽ മറുപടിനൽകേണ്ടിയിരുന്നത്

### പട്ടയം ലഭിക്കാനുള്ള അലിമുക്ക് ചൂരക്കുഴി പ്രദേശത്തെ കുടുംബങ്ങൾ

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റാന്നി നിയോജക മണ്ഡലത്തിലെ അലിമുക്ക് ചൂരക്കുഴി പ്രദേശത്തെ എത്ര കുടുംബങ്ങൾക്കാണ് പട്ടയം നൽകാനുള്ളത്; ഇവർ എന്നുമുതലാണ് ഇവിടെ താമസിച്ചുവരുന്നത്; പട്ടയം നൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | റാന്നി താലൂക്കിൽ പഴവങ്ങാടി വില്ലേജിലെ ചൂരക്കുഴി പ്രദേശത്തെ നിവാസികൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് സർവ്വേ നടത്തി കൈവശങ്ങൾ തിട്ടപ്പെടുത്തിയതിൽ 224 കൈവശങ്ങൾക്ക് പട്ടയം നൽകാനുണ്ട്. |
| (ബി) | ഇവിടെ താമസിച്ചുവന്നിരുന്നവരുടെ വസ്തുവിന് വില്ലേജ് ഓഫീസർ നേരത്തേ കരം സ്വീകരിച്ചിരുന്നോ; എന്നുവരെയാണ് ഇത്തരത്തിൽ കരം സ്വീകരിച്ചത്; പിന്നീട് കരം സ്വീകരിക്കാതിരിക്കാനുണ്ടായ കാരണം എന്താണ്; കരം സ്വീകരിക്കാതിരിക്കാൻ ഉത്തരവ് നൽകിയത് ആര്; ഇതിന് ഇടയാക്കിയ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | 2002-2003 സാമ്പത്തിക വർഷം വരെ കരം സ്വീകരിച്ചിരുന്നു. പട്ടയം റദ്ദു ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ഭാഗമായാണ് കരം സ്വീകരിക്കാതായത്. |

| | | | |
|---|---|---|---|
| (സി) | കരമടച്ച രസീത് ഇല്ലാത്തതുമൂലം ഇവിടുത്തെ താമസക്കാർക്ക് ബാങ്കുകളിൽ വസ്തു പണയം വയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ചൂരക്കുഴി നിവാസികളും എം. എൽ. എ. യും ഇവിടുത്തെ വസ്തുവിൽ പട്ടയം നൽകണം എന്ന് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടും പട്ടയം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംയുക്ത പരിശോധന നടത്തിയിട്ടും പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവർക്ക് പട്ടയം നൽകുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇത് പൂർത്തീകരിച്ച് എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) | പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ